# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6270 08.07.2014-ൽ മറുപടിക്ക്

### മത്സ്യഫെഡിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യഫെഡിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുനൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | മത്സ്യഫെഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖാന്തിരം നടത്തുന്നതിന് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 1969 സെക്ഷൻ 80 സബ്സെക്ഷൻ 3(എ) പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം ആയിട്ടില്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിച്ചിട്ടില്ല. |
| (ബി) | മത്സ്യഫെഡിൽ സ്ഥിരനിയമനം അവസാനമായി നടത്തിയതെന്നാണെന്നും ഏത് തസ്തികയിലേക്കാണെന്നും വിശദമാക്കുമോ; | (ബി) | മത്സ്യഫെഡിൽ സ്ഥിരനിയമനം അവസാനമായി നടത്തിയത് സർക്കാരിന്റെ 02.05.2012-ലെ ജി.ഒ. (എം.എസ്.) നം. 33/12/മ.തു.വ. ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം താൽക്കാലിക ജീവനക്കാരനായ ഒരാളെ ഡ്രൈവർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ ദിവസനവേതന-കരാർ ജീവനക്കാരെ നിയമിക്കുന്നതിനു സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ; | (സി) | മത്സ്യഫെഡിലെ നിയമനങ്ങൾ 1995 മുതൽ പി.എസ്.സിയ്ക്ക് വിട്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡിന്റെ സ്പെഷ്യൽ റൂളിന് അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടന്നിട്ടില്ല .എന്നാൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് മുഖാന്തിരവും, |

| | | | |
|---|---|---|---|
| | | | ആവശ്യമായ തസ്തികകളിൽ പത്രപരസ്യം മുഖേനയും, നേരിട്ടും, ഇന്റർവ്യൂ നടത്തിയും സ്റ്റാഫ് റഗുലേഷനിലെ നിബന്ധനകൾക്ക് വിധേയമായി താൽക്കാലികമായി നിയമനം നടത്തി വരുന്നുണ്ട്. |
| (ഡി) | മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | മത്സ്യഫെഡിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന് സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സർക്കാരിന്റെ 07.11.2000-ലെ ജി.ഒ.(എം.എസ്) നം.23/2000/മതുവ പ്രകാരം പാസ്സാക്കിയ മത്സ്യഫെഡ് സ്റ്റാഫ് റഗുലേഷനിൽ നേരിട്ടുള്ള നിയമനത്തിന് ഫിഷർമെൻ കമ്മ്യൂണിറ്റിയ്ക്ക് 40% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ